## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1979** **15.07.2016-ൽ മറുപടിക്ക്**

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾ**

| ചോദ്യം<br>ശ്രീ.പി. ഉണ്ണി : | മറുപടി<br>ശ്രീ.മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | എ ഉണ്ട്. ലക്കിടി-പേരൂർ, ഒറ്റപ്പാലം നഗരസഭ, വാണിയംകുളം, അമ്പലപ്പാറ പഞ്ചായത്ത്, തച്ചനാട്ടുകര പഞ്ചായത്ത്, കടമ്പഴിപ്പുറം എന്നീ മേഖലകളിലാണ് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത്. |
| ബി സമ്പൂർണ്ണ കുടിവെള്ള മണ്ഡലമായി ഒറ്റപ്പാലത്തെ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി നിലവിൽ അനുമതി ലഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി ശുദ്ധജല വിതരണം കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്. വിശദവിവരം താഴെ ചേർക്കുന്നു.<br>1. ഒറ്റപ്പാലം നഗരസഭ കുടിവെള്ള പദ്ധതി (UIDSSMT).<br>2. ശ്രീകൃഷ്ണപുരം, പൂക്കോട്ട് കാവ്, വെള്ളിനേഴി, കടമ്പഴിപ്പുറം പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി.<br>3. കരിമ്പുഴ കുടിവെള്ള പദ്ധതി.<br>എന്നീ പദ്ധതികൾ 12.01.2016-ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.<br>ഇവയിൽ ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതിയിലും, കരിമ്പുഴ കുടിവെള്ള പദ്ധതിയിലും മിച്ചം വന്ന ഭരണാനുമതി തുക ഉപയോഗിച്ച് പൈപ്പ് ലൈൻ (വിതരണ ശൃംഖല) എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിലേയ്ക്ക് സാങ്കേതിക |

| | | | |
|---|---|---|---|
| | | | സാധ്യത പരിശോധിച്ച് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിനായി ഒരു കുടിവെള്ള പദ്ധതിയുടെ പ്രാരംഭപഠനം നടത്തുന്നുണ്ട്. ലക്കിടി-പേരൂർ, കടമ്പഴിപ്പുറം എന്നീ രണ്ടു പഞ്ചായത്തുകൾ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കാൻ മുൻഗണനാടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത് തയ്യാറാക്കിയ സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെടുന്നു. അതിൽ ലക്കിടി-പേരൂർ പഞ്ചായത്തിൽ ജലനിധി പദ്ധതി ബാച്ച് 2-ൽ ആരംഭിച്ച് പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ കേരള ജലഅതോറിറ്റി കുടിവെള്ള പദ്ധതിയുടെ അപര്യാപ്തത കൂടി പരിഹരിക്കുന്നതോടെ ഈ മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാധ്യമാകും. |
| സി | 1/7/2011 മുതൽ 31/3/2016 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | സി യും ഡി യും | വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| ഡി | ഓരോ പ്രവൃത്തിയുടേയും പേരും, ചെലവഴിച്ച തുകയും, ഗുണഭോക്തൃ വിശദാംശവും ലഭ്യമാക്കാമോ; | | |
| ഇ | നിലവിൽ നിർമ്മാണ ഘട്ടത്തിലുള്ള പദ്ധതികൾ ഏതെല്ലാമെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ? | | നിലവിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ NRDWP - ശ്രീകൃഷ്ണപുരം വിതരണ ശൃംഖല, NRDWP -കരിമ്പുഴ - പഴകിയ എ.സി പൈപ്പ് മാറ്റി ഡി.ഐ പൈപ്പ് സ്ഥാപിക്കൽ, NRDWP - കരിമ്പുഴ വിതരണ ശൃംഖല ദീർഘിപ്പിക്കുന്ന |

**അനുബന്ധം**

(സി&ഡി) 01.07.2011 മുതൽ 31.03.2016 വരെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുക താഴെ ചേർക്കുന്നു.

| നം. | പദ്ധതി | ഭരണാനുമതി തുക (ലക്ഷത്തിൽ) | ചെലവഴിച്ച . തുക (ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | നബാർഡ് ധനസഹായത്തോടെ ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതി | 3124.11 | 1657.83 | 142161 |
| 2 | NRDWP ധനസഹായത്തോടെ ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതി | 800.00 | 411.65 | |
| 3 | നബാർഡ് ധനസഹായത്തോടെ കരിമ്പുഴ കുടിവെള്ള പദ്ധതി | 1267.93 | 639.63 | 51248 |
| 4 | NRDWP കരിമ്പുഴ - കേടുവന്നതും, പഴകിയതുമായ എ.സി പൈപ്പ് മാറ്റി ഡി.ഐ പൈപ്പ് സ്ഥാപിക്കൽ. | 480 | 307.73 | |
| 5 | NRDWP - കരിമ്പുഴ വിതരണ ശൃംഖല സ്ഥാപിക്കൽ. | 500 | 10.56 | |
| 6 | UIDSSMT - ഒറ്റപ്പാലം ശുദ്ധജല വിതരണ പദ്ധതി | 3000 | 2836.90 | 77481 |
| 7 | ഒറ്റപ്പാലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അകവണ്ട (അമ്പലപ്പാറ) കുടിവെള്ള പദ്ധതി. | 25 | 20.86 | വേങ്ങശ്ശേരി, ചെറുമണ്ടശ്ശേരി അമ്പലപ്പാറ എന്നിവിടങ്ങളിലെ 500 ലേറെ കുടുംബങ്ങൾ |
| 8 | ജലനിധി - മിത്രാനന്ദപുരം കുടിവെള്ള പദ്ധതി (വലിയ പദ്ധതി) | 1028 (സാങ്കേതികാനുമതി) | 340.51 | 3048 കുടുംബങ്ങൾ |
| 9 | ജലനിധി - സംഗമിത്ര കുടിവെള്ള പദ്ധതി | 58.85 (സാങ്കേതികാനുമതി) | 32.42 | 106 കുടുംബങ്ങൾ |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1980 — 15.07.2016-ൽ മറുപടിക്ക്

### നിലമ്പൂർ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.പി.വി.അൻവർ : | മറുപടി<br>മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) നിലമ്പൂർ കുടിവെള്ള പദ്ധതിയുടെ സ്രോതസ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി തടയണയോ റഗുലേറ്റർ കം ബ്രിഡ്ജോ നിർമ്മിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ; | എ) ജലസേചന ആവശ്യത്തിനു വേണ്ടി നിലമ്പൂർ കുളത്തിൻകടവിൽ ഒരു റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പരിഗണനയിൽ ഉണ്ട്. ഇത് നിലവിൽ വന്നാൽ നിലമ്പൂർ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ് അഭിവൃദ്ധിപ്പെടും. |
| ബി) നിലവിൽ പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന ബീമ്പുങ്ങൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രയോജനം വേനൽക്കാലത്ത് വെള്ളമില്ലാതാകുന്ന നിലമ്പൂർ കുടിവെള്ള പദ്ധതിയുടെ സ്രോതസിന് ഉപയോഗപ്പെടുത്താനാകുമോ എന്ന് വിശദമാക്കാമോ? | ബി) ഇപ്പോൾ നിർമ്മാണം പൂർത്തിയാകാറായ ബിമ്പുങ്ങൽ (ഓടായിക്കൽ) റഗുലേറ്റർ കം ബ്രിഡ്ജിന്റെ 7 കി.മീ - upstream-ൽ ആണ് നിലമ്പൂർ കുടിവെള്ള പദ്ധതി. പ്രസ്തുത റഗുലേറ്ററിന്റെ പരമാവധി സംഭരണ ശേഷിയിൽ വെള്ളം നിലവിൽ ശേഖരിച്ചിട്ടില്ല. പരമാവധി സംഭരണ ശേഷിയിൽ വെള്ളം ശേഖരിച്ചാൽ മാത്രമേ നിലമ്പൂർ കുടിവെള്ള പദ്ധതിയ്ക്ക് പ്രസ്തുത റഗുലേറ്റർ പ്രയോജനപ്പെടുമോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ